**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 505</u>** **<u>25-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഹബ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സമുദ്ര മേഖലയിലെ തൊഴിൽ സാധ്യതകൾ സജ്ജമാക്കാൻ കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഹബ് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. കേരളാ മാരിടൈം ബോർഡിന് കീഴി കൊടുങ്ങല്ലൂരും നിണ്ടകരയിലുമുള്ള രണ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ഡയറക്ടർ ജനറ ഓഫ് ഷിപ്പിംഗ്, മറ്റ് അന്താരാഷ്ട്ര ഏജൻസിക എന്നിവയുടെ അംഗീകാരമുള്ള മാരിടൈ അനുബന്ധ കോഴ്സുകൾ നടത്തുന ലോകോത്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളായി വികസിപ്പിക്കുവാൻ നടപ സ്വീകരിച്ചു വരുന്നു. ഈ രണ ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഇൻലാൻഡ് വെസ്സൽന ആക്ട് പ്രകാരമുള്ള ഉൾനാടൻ ജലാശയങ്ങളി പ്രവർത്തിക്കുന്ന യാനങ്ങ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ഇതിനോടകം തുടങ്ങിയിട്ടുണ്ട കൊടുങ്ങല്ലൂർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ട ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്നതിന് ആവശ്യമാ അപേക്ഷ സമർപ്പിച്ച് തുടർനടപടിക സ്വീകരിച്ചു വരുന്നു. നീണ്ടകര ഇൻസ്റ്റിറ്റ്യൂ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഒര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആയ വികസിപ്പിക്കുവാനാണ് പദ്ധത തയ്യാറാക്കിയിരിക്കുന്നത്. ഇതിന മുന്നോടിയായി സംസ്ഥാനത്തെ മാരിടൈ വിദ്യാഭ്യാസ സാധ്യതക പരിശോധിക്കുന്നതിനും വിദഗ്ധരുടെ അഭിപ്രായം നേടുന്നതിനും കേരളാ മാരിടൈ എഡ്യൂക്കേഷൻ കോൺഫറൻസ് കൊച്ചിയി വച്ച് നടത്തുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂ വികസിപ്പിക്കുന്നതിനായി താല്പര്യ പത്ര ക്ഷണിച്ച് ബിസിനസ് മീറ്റിങ്ങും നടത്തിയിരുന്നു |

| | | | |
|---|---|---|---|
| | | | അഞ്ച് സ്ഥാപനങ്ങൾ താല്പര്യപത്ര സമർപ്പിച്ചിട്ടുണ്ട്. ഇവരുടെ നിർദേശങ്ങൾ കൂട പരിഗണിച്ച് ഡി പി ആർ തയ്യാറാക്കി ടെണ്ട നടപടികളിലേക്ക് പോകുവാനുള്ള പ്രക്രിയ അവസാന ഘട്ടത്തിലാണ്. |
| (ബി) | എങ്കിൽ ഇതിനായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | കേരളാ മാരിടൈം ബോർഡിന് കീഴിൽ കൊടുങ്ങല്ലൂരും നീണ്ടകരയിലുമുള്ള രണ്ട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മറ്റ് അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുടെ അംഗീകാരമുള്ള മാരിടൈം അനുബന്ധ കോഴ്സുകൾ നടത്തുന്ന ലോകോത്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളായി വികസിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഈ രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഇൻലാൻഡ് വെസ്സൽസ് ആക്ട് പ്രകാരമുള്ള ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിക്കുന്ന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ഇതിനോടകം തുടങ്ങിയിട്ടുണ്ട്. കൊടുങ്ങല്ലൂർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ട് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിന് മുന്നോടിയായി സംസ്ഥാനത്തെ മാരിടൈം വിദ്യാഭ്യാസ സാധ്യതകൾ പരിശോധിക്കുന്നതിനും വിദഗ്ധരുടെ അഭിപ്രായം നേടുന്നതിനും കേരളാ മാരിടൈം എഡ്യൂക്കേഷൻ കോൺഫറൻസ് കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിക്കുന്നതിനായി താല്പര്യ പത്രം ക്ഷണിച്ച് ബിസിനസ് മീറ്റിങ്ങും നടത്തിയിരുന്നു. അഞ്ച് സ്ഥാപനങ്ങൾ താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്. ഇവരുടെ നിർദേശങ്ങൾ കൂടി പരിഗണിച്ച് ഡി പി ആർ തയ്യാറാക്കി ടെണ്ടർ നടപടികളിലേക്ക് പോകുവാനുള്ള പ്രക്രിയ അവസാന ഘട്ടത്തിലാണ്. |
| (സി) | ഈ പദ്ധതിവഴി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും മാരിടൈം മേഖലയും അനുബന്ധ മേഖലകളും വളർച്ചയുടെ പാതയിലാണ്. ഇതിനനുസരിച്ച് തുറമുഖ വികസനത്തിലും, ഓപ്പറേഷനിലും, കപ്പൽ വ്യവസായത്തിലും, ലോജിസ്റ്റിക്സ് മേഖലയിലും, മാരിടൈം വ്യവസായ മേഖലയിലും, മാരിടൈം ടൂറിസം മേഖലയിലുമെല്ലാം തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ